
# എറണാകുളം മിസ്സം
# ERNAKULAM MISSAM
English & Malayalam Monthly

Vol. No. 69 Issue No. 04 April 2026 Rs. 15/-

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY






70
ഏപ്രിൽ 21-ാം തീയതി സപ്തതി ആഘോഷിക്കുന്ന
മാർ റാഫേൽ തട്ടിൽ പിതാവിന്
എറണാകുളം - അങ്കമാലി അതിരൂപതയുടെ പ്രാർത്ഥനാശംസകൾ!!!
ഏപ്രിൽ 24-ാം തീയതി
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
കർദിനാൾ
മാർ ജോർജ് ആലഞ്ചേരി
പിതാവിന്
എറണാകുളം - അങ്കമാലി
അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 69 Issue No. 4 April 2026 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. കച്ചേരിക്കാര്യം

8. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

9. നിര്യാതരായി

10. വാർത്തകളും വിശേഷങ്ങളും

12. ലിസ്സി ആശുപത്രി

13. വിശ്വാസപരിശീലന കേന്ദ്രം

15. ഫാമിലി അപ്പോസ്റ്റലേറ്റ്

16. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

18. നൈപുണ്യ ഇന്റർനാഷണൽ

20. ചിറ്റൂർ ധ്യാനകേന്ദ്രം

21. സുബോധന, അങ്കമാലി

23. ഭാരതമാതാ കോളേജ്, തൃക്കാക്കര

26. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mekkunnel Mathew, Nakapuzha | 1922 | 1952 | 1-4-2008 |
| Mar Varkey Cardinal Vithayathil, Puthenpally | 1927 | 1954 | 1-4-2011 |
| Fr. Panikulam Augusthy, Elavoor | 1882 | 1908 | 3-4-1943 |
| Fr. Mavumkal Joseph, Muttam | 1902 | 1930 | 3-4-1995 |
| Mar Abraham Kattumana, Ullala | 1944 | 1969 | 4-4-1995 |
| Fr. Kurisumkal Joseph, Kandanad | 1902 | 1934 | 5-4-1983 |
| Fr. Thazhathuruthil Peter, Mevalloor | 1938 | 1967 | 5-4-1997 |
| Fr. Perumalil George, Ullala | 1944 | 1969 | 5-4-2013 |
| Fr. Puthupara Pathrose, Thuravoor | 1873 | 1899 | 7-4-1955 |
| Fr. Chittethazhath Francis, Amballoor | 1878 | 1907 | 8-4-1950 |
| Fr. Kavalakkatt Paul, Kadukutty | 1925 | 1953 | 8-4-2010 |
| Fr. Narayamparambil Mathew, Valamangalam | 1924 | 1954 | 10-4-2008 |
| Fr. Koikara Joseph, Kizhakkambalam | | | 12-4-1897 |
| Magr. Parackal Antony, Angamaly | 1916 | 1941 | 13-4-2001 |
| Fr. Kattakkakathoot Geevarghese, Moozhikulam | 1859 | 1892 | 15-4-1939 |
| Fr. Thaliath Joseph (K) (Joly), Kanjoor | 1945 | 1970 | 15-4-2017 |
| Fr. Pallippadan Paul, Thuravoor | 1941 | 1967 | 16-4-1985 |
| Fr. Thottankara George, Koodalapad | 1943 | 1969 | 16-4-2016 |
| Fr. Vithayathil Yohannan, Puthenpally | 1862 | 1894 | 17-4-1942 |
| Fr. Thalian George, Vathakkad | 1932 | 1961 | 17-4-2005 |
| Fr. Payyappilly Kochuvarkey, Moozhikulam | 1870 | 1899 | 19-4-1936 |
| Fr. Painadeth Kochupaulo, Karukutty | 1869 | 1894 | 20-4-1934 |
| Fr. Powathil Antony, Thycattussery | 1896 | 1924 | 20-4-1980 |
| Fr. Panikulam Valiya Ittoop, N. Parur | 1884 | 1912 | 22-4-1952 |
| Fr. Padayattil Abraham, Kidangoor | 1926 | 1956 | 23-4-2014 |
| Fr. Kochuparampil George, Thottakam | 1906 | 1933 | 24-4-1982 |
| Fr. Kuttipuram George, Thalayolaparambu | 1930 | 1962 | 24-4-2004 |
| Fr. Payyappilly Thomas, Kottamam | 1949 | 1978 | 24-4-2022 |
| Fr. Narayamparambil Joseph, Thuravoor S. | 1920 | 1945 | 25-4-1999 |
| Fr. Kodiyan Thomas Chendamangalam | 1934 | 1963 | 26-4-2023 |
| Fr. Punakat George, Kolengai | 1901 | 1920 | 28-4-1961 |
| Fr. Nettikadan Varghese, Meloor | 1931 | 1957 | 29-4-1999 |
| Fr. Puthuva Joseph, Mookkannoor | 1890 | 1916 | 30-4-1965 |

# കച്ചേരിക്കാര്യം

## 1) അഭിവന്ദ്യ മാർ എബ്രഹാം കാട്ടുമന പിതാവിന്റെ ചരമവാർഷികം



അഭിവന്ദ്യ മാർ എബ്രഹാം കാട്ടുമന പിതാവിന്റെ 31-ാം ചരമവാർഷികം ഏപ്രിൽ 04-ാം തീയതിയാണ്. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു. വൈകിട്ട് 6.00 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## 2) കച്ചേരി അവധി

പെസഹാ വ്യാഴം മുതൽ ഈസ്റ്റർദിനം വരെ അതിരൂപതാ കച്ചേരിക്ക് അവധിയായിരിക്കും

## 3) അതിരൂപതയിൽ ഏല്പിക്കേണ്ട പിരിവുകൾ

- **ജീവകാരുണ്യനിധി** (നോമ്പുകാലപിരിവ് സ്വരൂപിക്കുവാനുള്ള കവറുകൾ അതിരൂപതാ കേന്ദ്രത്തിൽനിന്നും ഇടവകപള്ളി വഴി കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളത് ഉപയോഗപ്പെടുത്തുമല്ലോ.)
- **സെമിനാരി വിദ്യാർത്ഥി സൗഹൃദനിധി**: പെസഹാ വ്യാഴം
- **വിശുദ്ധ നാടിനുവേണ്ടി**: ദുഃഖവെള്ളിയാഴ്ച ലഭിക്കുന്ന നേർച്ചയുടെ 25%

പിരിവുകൾ യഥാസമയം നടത്തി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 4) വൈദികരുടെ വാർഷിക ധ്യാനം 2026

വാർഷിക ധ്യാനത്തിനായുള്ള വൈദികരുടെ ലിസ്റ്റ് മെയ് മാസത്തിലെ എറണാകുളം മിസ്സത്തിൽ പ്രസിദ്ധീകരിക്കുന്നതാണെന്ന് ജനുവരി മാസം അറിയിച്ചിരുന്നുവല്ലോ. പ്രത്യേകമായി ഏതെങ്കിലും ബാച്ചിൽ ഉൾപ്പെടാൻ ബ. അച്ചന്മാർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അക്കാര്യം ഏപ്രിൽ 15-നകം കച്ചേരിയിൽ അറിയിക്കുന്ന മുറയ്ക്ക് അവ ഉൾപ്പെടുത്തി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഇക്കാര്യത്തിനായി റീജന്റ് ബ്രദർ ജിതിൻ കളപ്പുരയ്ക്കലിനെ (Mob: 8592807759) ബന്ധപ്പെടാവുന്നതാണ്. ധ്യാനം നടത്തപ്പെടുന്നത് ചുണങ്ങംവേലി നിവേദിതയിൽ ആയിരിക്കും. പ്രീസ്റ്റ്സ് ഹോമുകളിലെ അച്ചന്മാരുടെ ധ്യാനം സംബന്ധിച്ച വിവരങ്ങൾ അവരെ നേരിട്ട് അറിയിക്കുന്നതാണ്. പ്രീസ്റ്റ് ഹോമിലെ ധ്യാനത്തിൽ മറ്റു വൈദികരെ പ്രതീക്ഷിക്കുന്നില്ലെന്നകാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

താഴെ കാണുന്ന നാല് ബാച്ചുകളിൽ ഏതെങ്കിലും ഒന്നിൽ ബ. അച്ചന്മാർ സംബന്ധിക്കത്തക്കവിധത്തിൽ നേരത്തെതന്നെ പരിപാടികൾ ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. വ്യക്തിപരമായി ധ്യാനങ്ങൾക്ക് പോകുന്നത് നല്ലതാണ്. എന്നാൽ അത് വൈദികരുടെ പൊതുവായ വാർഷിക ധ്യാനത്തിന് പകരമാണ് എന്ന് ധരിക്കരുതെന്ന് അഭിവന്ദ്യ പിതാവ് മുൻകൂട്ടി ഓർമ്മിപ്പിച്ചത് ഒരിക്കൽകൂടി അറിയിക്കുന്നു.

| | |
|---|---|
| June 21 Sunday - 26 Friday | - Fr. Vincent Variath |
| July 05 Sunday - 10 Friday | - Fr. Joy Painadath |
| July 12 Sunday - 17 Friday | - Archbishop Prince Panengadan |
| Aug 16 Sunday - 21 Friday | - Fr. Mariadas OIC *[Onam Batch]* |

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

## ദൈവവിളിക്യാമ്പ്

**ഏപ്രിൽ 7, 8 (ചൊവ്വ, ബുധൻ)**

വൈദികരാകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടി ഈ വർഷത്തെ ദൈവവിളിക്യാമ്പ് ഏപ്രിൽ 7, 8 (ചൊവ്വ, ബുധൻ) തീയതികളിലായി തൃക്കാക്കര തിരുഹൃദയ മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നു.

ചൊവ്വ രാവിലെ 10.00 മുതൽ ബുധൻ വൈകിട്ട് 4.00 മണി വരെയാണ് ക്യാമ്പ്. വൈദികരാകാൻ താല്പര്യമുള്ള 10, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ ക്യാമ്പിൽ പറഞ്ഞു വിടാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജെറിൽ കുരിശിങ്കൽ**
**വൊക്കേഷൻ പ്രൊമോട്ടർ**

## അഭിനന്ദനങ്ങൾ!!!



ആസ്ട്രിയയിലെ ഇൻസ്ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽനിന്നും systematic തിയോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹുമാനപ്പെട്ട ജോസ് പുതുശ്ശേരി** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങൾ!

Dissertation Topic: Envisioning the Church of A Secular Age: *"World History and Salvation History in Dialogue — A Comparative Theological Study of Charles Taylor's A Secular Age and Karl Rahner's Strukturwandel der Kirche als Aufgabe und Chance Toward a Distinct Paradigm of Secularism and Christianity in India"*

# അതിരൂപതാ പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

എറണാകുളം-അങ്കമാലി അതിരൂപതയുടെ 2026-2029 കാലയളവിലേക്കുള്ള പാസ്റ്ററൽ കൗൺസിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് കലൂർ റിന്യൂവൽ സെന്ററിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉത്ഘാടനം ചെയ്തു. എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ് ജോസഫ് പാംപ്ലാനി അധ്യക്ഷനായിരുന്നു, വികാരി ജനറാൾ റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് സ്വാഗതം പറഞ്ഞു. റവ. ഡോ. ആന്റോ ചേരാംതുരുത്തി, റവ. ഡോ. ജോസ് പുതിയേടത്ത് എന്നിവർ സംസാരിച്ചു. അതിരൂപത ചാൻസലർ റവ. ഡോ. ആന്റണി വാഴക്കാല, വൈസ് ചാൻസലർ റവ. ഫാ. പോൾ മേലേടത്ത് എന്നിവർ തെരഞ്ഞെടുപ്പ് റിട്ടേണിങ് ഓഫീസർമാരായിരുന്നു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ശ്രീ. ഷൈജു ആന്റണി, ജോയിന്റ് സെക്രട്ടറിയായി ശ്രീമതി ജയ്നി സാംരാജ് എന്നിവരും പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങളായി റിജു കാഞ്ഞൂക്കാരൻ, നിമ്മി ആന്റണി, ഫാ. സണ്ണി കളപ്പുരയ്ക്കൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. കേരള കാത്തലിക് കൗൺസിൽ (KCC) അംഗമായി ബോബി ജോൺ മലയിലിനെ തെരഞ്ഞെടുത്തു. പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവിലേക്ക് DCMS അതിരൂപത പ്രസിഡന്റ് സ്കറിയ ആന്റണി, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനീസമൂഹം പ്രൊവിൻഷ്യൽ റവ. സി. ഷെഫി ഡേവിസ് FCC എന്നിവരെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നോമിനേറ്റ് ചെയ്തു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ പാസ്റ്ററൽ കൗൺസിൽ മുൻസെക്രട്ടറി പി.പി. ജെറാർദ് അഭിനന്ദനങ്ങൾ നേർന്ന് സംസാരിച്ചു. പുതിയ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഷൈജു ആന്റണിയുടെ നന്ദിയോടെ യോഗം അവസാനിച്ചു.

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിലും പെ. ബഹുമാനപ്പെട്ട വികാരി ജനറാൾ റവ. ഡോ. ജിമ്മി പൂച്ചക്കാട്ടിന്റെ സാന്നിധ്യത്തിലും നടന്ന വിവിധ കമ്മീഷൻ അംഗങ്ങളുടെ യോഗത്തിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ വിവിധ കമ്മിറ്റികളുടെ കൺവീനർമാരായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

1. ലിറ്റർജി: ബോബി ജോൺ മലയിൽ
2. മതബോധനം: പി.പി. ജെറാർദ്
3. സോഷ്യൽ വെൽഫയർ: ജെമീ കെ. അഗസ്റ്റിൻ
4. എഡ്യൂക്കേഷൻ: പ്രൊഫ. ജോർജ് കെ. ജെ.
5. ഫാമിലി: തങ്കച്ചൻ പേരയിൽ
6. യൂത്ത്: ലിജോ പി. ജോസ്

---

# നിര്യാതരായി

## റവ. സിസ്റ്റർ ഫ്ളോറൻസ് CSN

(സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം)

ജനനം : 14/09/1940 • നിത്യവ്രതം : 31/05/1969 • മരണം : 14/03/2026



## റവ. സിസ്റ്റർ ബർണഡിറ്റ് CSN

(സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം)

ജനനം : 04/04/1941 • നിത്യവ്രതം : 31/05/1967 • മരണം : 13/03/2026



# വാർത്തകളും വിശേഷങ്ങളും

## ദൈവദാസൻ തെയോഫിൻ ധന്യൻ പദവിയിലേക്ക്

വിശുദ്ധരുടെ നാമകരണ കാര്യങ്ങൾക്കായുള്ള ഡികാസ്റ്ററിയിൽ നിന്നും നൽകിയ കല്പനകളിൽ, കേരളത്തിൽ നിന്നുമുള്ള കപ്പൂച്ചിൻ സന്യാസി ദൈവദാസൻ തെയോഫിൻ ഉൾപ്പെടെ മൂന്നുപേരെ ധന്യരുടെ പദവിയിലേക്ക് ഉയർത്താൻ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ അംഗീകാരം നൽകി. കപ്പൂച്ചിൻ വൈദികനായ, ധന്യൻ തെയോഫിൻ, 1913 ജൂലൈ ഇരുപതാം തീയതി കോട്ടപ്പുറത്താണ് ജനിച്ചത്, മൈക്കിൾ എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ച അദ്ദേഹം, 1929-ൽ വരാപ്പുഴ അതിരൂപത യുടെ മൈനർസെമിനാരിയിൽ ചേർന്നു. ഫ്രാൻസിസ് അസീസിയുടെ തീക്ഷ്ണമായ ജീവിതത്തെയും ആത്മീയതയെയും കുറിച്ചുള്ള ആഴത്തിലുള്ള ഗ്രാഹ്യം അദ്ദേത്തെ കപ്പൂച്ചിൻ സഭയിലേക്ക് പിന്നീട് നയിച്ചു. 1933 ഒക്ടോബർ 31-ന് അദ്ദേഹം കപ്പൂച്ചിൻ സഭയുടെ അംഗമായി മാറുകയും, തെയോഫിൻ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. തുടർന്ന്, 1941 ഏപ്രിൽ 20-ന് വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. ജീവിതകാലത്ത് വ്യാപകമായിരുന്ന അദ്ദേഹത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള പ്രശസ്തി, 1968 ഏപ്രിൽ 4-ന്, മരണശേഷം കൂടുതൽ ശക്തമായി. എളിമയ്ക്കും ദരിദ്രരോടുള്ള അടുപ്പത്തിനും പേരുകേട്ട വൈദികനാണ് ദൈവദാസൻ തെയോഫിൻ അച്ചൻ.

## ഇടവകയിൽ വിശ്വാസികളുടെ യഥാർത്ഥ ശക്തി ദൈവസ്നേഹത്തിൽ നിന്നാണ് ഉടലെടുക്കുന്നത്: പാപ്പാ

ഒരു ഇടവകയിൽ, ആരെയും മാറ്റി നിർത്താതെ എല്ലാവരും ചേർന്ന് സഹകരി ക്കുമ്പോൾ മാത്രമാണ് ഇടവക ഒരു കൂട്ടായ്മയും, സമൂഹവുമായി മാറുന്ന തെന്ന് ലിയോ പതിനാലാമൻ പാപ്പാ. ബലഹീനതകൾ, ആരോഗ്യ പ്രശ്ന ങ്ങൾ, വൈകല്യങ്ങൾ എന്നിവയാൽ വേദനയനുഭവിക്കുന്നവർ, മോശം രീതി യിൽ പെരുമാറുന്ന കുട്ടികൾ, മാനസികവും വ്യക്തിപരവും ആത്മീയവുമായ ആരോഗ്യത്തിന്റെ അഭാവം നേരിടുന്നവർ, നിരവധി പ്രശ്നങ്ങളുള്ള തടവു കാർ എന്നിങ്ങനെ ഇടവകയിൽ പലതരത്തിലുള്ള ആളുകൾ ഉണ്ടെന്നും എന്നാൽ, എല്ലാവരും ഒരുമിച്ചു വരുമ്പോഴാണ്, സമൂഹം എന്നത് യാഥാർഥ്യ മാകുന്നതെന്നും പാപ്പാ പറഞ്ഞു. തുടർന്ന്, നാം സമൂഹത്തിൽ ഒരുമിച്ചിരി ക്കുമ്പോൾ, നമ്മിൽ ഓരോരുത്തരെക്കാളും വളരെ വലിയ ഒരു ശക്തിയുണ്ടെ ന്നും, അത് ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് ലഭിക്കുന്ന ശക്തിയാണെ ന്നും അതാണ് നമ്മെ യഥാർത്ഥത്തിൽ ഒരു കുടുംബമാക്കി മാറ്റുന്നതെന്നും

അടിവരയിട്ടു പറഞ്ഞു. അത്തരം ഒരു സമൂഹത്തിൽ അപരന്റെ ബലഹീനത കളിൽ, ഒരുമിച്ചു പരസ്പരം പിന്തുണയ്ക്കുന്നുവെന്നു ചൂണ്ടിക്കാട്ടിയ പാപ്പാ, ഇത് ഇടവകതലത്തിൽ തുടരുവാൻ ആഹ്വാനം ചെയ്തു.

## ജർമ്മൻ രൂപതക്ക് ഇനി മലയാളി സഹായ മെത്രാൻ

ജർമനിയിലെ മൈൻസ് രൂപതയുടെ സഹായമെത്രാനായി മോൺ. ജോഷി ജോർജ് പൊട്ടയ്ക്കൽ O.Carm അഭിഷിക്തനായി. കോതമംഗലം രൂപതയിലെ മീങ്കുന്നം ഇടവകാംഗമായ അദ്ദേഹം കർമലീത്ത മാതൃസഭ ഇന്ത്യൻ പ്രൊവിൻസ് അംഗമാണ്. 22 വർഷമായി ജർമനിയിൽ ശുശ്രൂഷ ചെയ്യുന്ന മോൺ. ജോഷി ജോർജ് പൊട്ടയ്ക്കലിനെ 2025 നവംബർ 26-നാണ് ലിയോ പതിനാലാമൻ മാർപാപ്പ മൈൻസിലെ സഹായമെത്രാനായി നിയമിച്ചത്. എഡി 304-ൽ സ്ഥാപിതമായ മൈൻസ് രൂപതയുടെ ഏഴാമത്തെ സഹായമെത്രാനാണ് ബിഷപ് ജോഷി പൊട്ടയ്ക്കൽ. മൈൻസിലെ സഹായമെത്രാനായിരുന്ന ഡോ. ഉഡോ മാർക്കുസ് ബെന്റ്സ് പാഡർബോൺ ആർച്ചുബിഷപ്പായി ഉയർത്തപ്പെട്ടതിനെ തുടർന്നാണ് ബിഷപ് പൊട്ടയ്ക്കൽ നിയമിതനായത്.

## സെമിനാരി പരിശീലനം അക്കാദമിക പഠനമല്ല: മാർ റാഫേൽ തട്ടിൽ

സെമിനാരി പരിശീലനം കേവലം അക്കാദമിക് പഠനമല്ലെന്നും, മറിച്ച് സഭയുടെ തനിമയിലും പാരമ്പര്യത്തിലും അടിയുറച്ച സഭാത്മക ജീവിത ശൈലി രൂപപ്പെടുത്തലാണെന്നും സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. സീറോമലബാർസഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മേജർ സെമിനാരി പ്രൊഫസർമാരുടെ സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈദിക വിദ്യാർത്ഥി കളിൽ ആഴമായ സഭാത്മകദർശനം രൂപപ്പെടുത്തുന്നതിനും അവരെ കാല ഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കുന്നതിനും സെമിനാരി പരിശീലകർക്ക് വലിയ ഉത്തരവാദിത്തമുണ്ടെന്ന് മാർ തട്ടിൽ പറഞ്ഞു. മാറുന്ന അജപാലനസാഹചര്യങ്ങൾ കണക്കിലെടുത്ത് വൈദിക പരിശീലന പദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ സീറോമലബാർ മെത്രാൻ സിനഡ് തീരുമാനമനുസരിച്ചാണ് സെമിനാരി പരിശീലനത്തിൽ വരുത്തേണ്ട മാറ്റങ്ങളെയും അവയുടെ പ്രായോഗികതലങ്ങളെയുംകുറിച്ചു പഠിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി മേജർ സെമിനാരികളിലെ അധ്യാപകരുടെ സംഗമം വൈദികർക്കുവേണ്ടിയുള്ള കമ്മീഷന്റെ നേതൃത്വത്തിൽ വിളിച്ചുചേർത്തത്.

# LISIE MEDICAL INSTITUTIONS

MAJOR ARCHDIOCESE OF ERNAKULAM - ANGAMALY

LISIE CANCER CENTRE | LISIE HOSPITAL | LISIE medicity

# എല്ലാ രോഗികൾക്കും സൗജന്യ ഒ.പി. കൺസൾട്ടേഷൻ

70 വർഷത്തെ കരുണാർദ്ര സേവനത്തിന്റെ സ്മരണാർത്ഥം, ലിസി ഹോസ്പിറ്റൽ സൗജന്യ ഔട്ട് പേഷ്യന്റ് [OP] കൺസൾട്ടേഷൻ നൽകുന്നു.

**പരിപാടിയുടെ വിശദാംശങ്ങൾ**

- എല്ലാ രോഗികൾക്കും സൗജന്യ ഒ.പി. കൺസൾട്ടേഷൻ
- ഓരോ മാസത്തിന്റെയും നാലാമത്തെ ശനിയാഴ്ച്ച
- ലിസി മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസിലെ എല്ലാ ഒ.പി. വിഭാഗങ്ങളും
- 2026 ഡിസംബർ 31 വരെ

ഏഴ് പതിറ്റാണ്ടുകളുടെ സേവനത്തിന്റെ സ്മരണാർത്ഥം, സമഗ്രവും കരുണാർദ്രവുമായ ആരോഗ്യ പരിപാലനത്തിനുള്ള പ്രതിബദ്ധത തുടരുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**
0484 2402044, 0484 6155555, LMC: 0484 2552000

70 Glorious Years of Care with Love

*"ആരോഗ്യം ചുരുക്കം ചിലർക്കുള്ള ആഡംബരമല്ല."*
*ലിയോ പതിനാലാമൻ പാപ്പാ*

P.B.No. 3053, Kochi - 682018 | Ph: 0484 2402044, 0484 6155555, LMC: 0484 2552000 | Web: lisiehospital.org | Mail: contact@lisiehospital.org

lisie_hospital | Lisie Hospital | lisie_hospital

# വിശ്വാസപരിശീലനകേന്ദ്രം

1. **Biblia Fest-2k26:** അതിരൂപതയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികളുടെ 30-ാം Intensive Bible Course ആണ് Biblia Fest-2k26. "HOPE" ആണ് Biblia Fest-2k26-ന്റെ വിഷയം. കുട്ടികളുടെ പ്രായത്തിനും അഭിരുചിക്കും ഇണങ്ങിയ ഭാഷയും ആക്ടിവിറ്റീസും ഉൾപ്പെടുത്തിയാണ് LP, UP, HS വിഭാഗങ്ങൾക്കായി വെവ്വേറെ ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. 2026 മാർച്ച് 30-ാം തീയതി തിങ്കളാഴ്ച മുതൽ ഏപ്രിൽ 12 വരെയുള്ള ദിവസങ്ങളിലാണ് ഇന്റൻസീവ് ബൈബിൾ കോഴ്സ് നടത്തുവാൻ അതിരൂപത വിശ്വാസ പരിശീലനകേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ, ഓരോ ഇടവകയുടെയും സാഹചര്യം അനുസരിച്ച് അതത് ഇടവകകളിൽ ബ. വികാരിയച്ചന്മാർക്ക് IBC ക്രമീകരിക്കാം. IBC ബുക്കുകളും, ആക്ഷൻ സോങ്ങുകളും തയ്യാറാക്കിയവർക്ക് ഹൃദയപൂർവ്വം നന്ദി. ഇടവകകളിലെ വിശ്വാസ പരിശീലകരുടെ നേതൃത്വത്തിൽ Biblia Fest-2k26 കുട്ടികൾക്ക് വിശ്വാസ ദീപ്തവും ഉല്ലാസപ്രദവുമാകട്ടെ!

2. **ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** ഒന്നാം വർഷ ഡിപ്ലോമ (Class XI) 2nd Session: 2026 മെയ് 02, 03 (ശനി, ഞായർ) തീയതികളിലും, രണ്ടാം വർഷ ഡിപ്ലോമ (Class XII) 2nd Session: 2026 ഏപ്രിൽ 11, 12 (ശനി, ഞായർ) തീയതികളിലും കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടും. കോഴ്സിന്റെ അവസാന ദിവസം പരീക്ഷ ഉണ്ടാകും.

3. **പുനഃപരീക്ഷ:** X, XII ക്ലാസ്സുകളിലെ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള പുനഃപരീക്ഷ 2026 ഏപ്രിൽ 19 ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ ഒന്നാം സെമസ്റ്റർ പരീക്ഷയും ഉച്ചയ്ക്കുശേഷം 2.00 മുതൽ 4.00 വരെ രണ്ടാം സെമസ്റ്റർ പരീക്ഷയും നടത്തപ്പെടുന്നു.

4. **Joseph Cardinal Parecattil Catechism Star of Excellence അവാർഡ്:** നാലാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ സ്കോളർഷിപ്പ് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള അവാർഡ് ഈ വർഷവും നൽകുന്നതാണ്. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് Verify ചെയ്തതിനുശേഷം വികാരിയച്ചന്റെ അംഗീകാരത്തോടെ 2026 ഏപ്രിൽ 15-ന് മുമ്പായി അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏല്പിക്കേണ്ടതാണ്.

5. **Archbishop Augustine Kandathil Catechism Students' Stars അവാർഡ്:** 12 വർഷം (2013-2014 അദ്ധ്യയനവർഷം മുതൽ 2025-2026) ഞായറാഴ്ചകളിൽ മുടങ്ങാതെ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികളെ അതിരൂപത

ആദരിക്കുന്നതാണ്. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് Verify ചെയ്തതിനുശേഷം വികാരിയച്ചന്റെ അംഗീകാരത്തോടെ 2026 ഏപ്രിൽ 15-ാം തീയതിയ്ക്ക് മുമ്പായി അതത് ഫൊറോനയിലെ സെക്രട്ടറി സിസ്റ്റേഴ്സിനെ ഏല്പിക്കേണ്ടതാണ്.

6. **Catechism Teachers' Basic Orientation Course (Residential):** 2026 മെയ് 9, 10 തീയതികളിൽ Catechism Teachers Basic Orientation Course (Residential) കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. അതിരൂപതയിൽ വിശ്വാസപരിശീലന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാന പരിശീലനം ലഭിച്ചവരാകണം. ഈ വർഷം അദ്ധ്യാപനരംഗത്തേക്കു കടന്നു വരുന്നവരും ഇതുവരെ അതിരൂപത സംഘടിപ്പിച്ച അടിസ്ഥാന പരിശീലന ക്ലാസിൽ പങ്കെടുത്തിട്ടില്ലാത്തവരുമായവർ ഈ കോഴ്സിൽ പങ്കെടുക്കണം. മുഴുവൻ സമയവും പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. പങ്കെടുക്കുന്ന അധ്യാപകരുടെ പേരുകൾ ഫൊറോന സെക്രട്ടറിമാരുടെ പക്കൽ മാർച്ച് 31-ന് മുമ്പായി നൽകുക.

7. **വാർഷിക റിപ്പോർട്ട് :** സൺഡേ സ്കൂൾ വാർഷിക റിപ്പോർട്ട് അതിരൂപതയിൽ എത്തിക്കേണ്ട അവസാന തീയതി ഏപ്രിൽ 26-ാം തീയതി ഞായറാഴ്ച ആണ്.

8. **ഹെഡ്മാസ്റ്റേഴ്സ്, പ്രമോട്ടേഴ്സ് & സെക്രട്ടറീസ് മീറ്റ്:** 2025-2026 അദ്ധ്യയനവർഷത്തിന്റെ സമാപ്തിയിൽ ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സിന്റെയും പ്രമോട്ടേഴ്സിന്റെയും ഫൊറോന സെക്രട്ടറിമാരുടെയും യോഗം 2026 മാർച്ച് 20, 22, 29 തീയതികളിൽ കലൂർ റിന്യൂവൽ സെന്റർ, മുട്ടം ഫൊറോന പള്ളി, അങ്കമാലി സുബോധന എന്നിവിടങ്ങളിൽ നടത്തി.

9. **പ്രതിഭാസംഗമം:** ക്ലാസ്സ് VII-ലെ കുട്ടികളുടെ പ്രതിഭാസംഗമം ഏപ്രിൽ 25-ാം തീയതി, കലൂർ റിന്യൂവൽ സെന്ററിൽ നടക്കും.

10. **കാറ്റക്കീസം ഫൊറോന ഡയറക്ടേഴ്സ്:** കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ അതിരൂപതയിൽ കാറ്റക്കീസം ഫൊറോന ഡയറക്ടർമാരായി സേവനം ചെയ്ത ഫാ. അനിൽ കിളിയേൽക്കുടി (കാഞ്ഞൂർ), ഫാ. ജെയ്സൺ കൊളുത്തുവള്ളി (കിഴക്കമ്പലം), ഫാ. ജോഷി കളപ്പറമ്പത്ത് (കൊരട്ടി), ഫാ. പീറ്റർ തിരുതനത്തിൽ (മൂക്കന്നൂർ), ഫാ. സ്റ്റെന്നി കുന്നേക്കാടൻ (മൂഴിക്കുളം), ഫാ. ടോം മുള്ളൻചിറ (പറവൂർ) എന്നിവർക്ക് നന്ദി. പുതിയ ഫൊറോനാ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. ബോണി കട്ടയ്ക്കകത്തൂട്ട് (കാഞ്ഞൂർ), ഫാ. സനു പുതുശ്ശേരി (കിഴക്കമ്പലം), ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ (കൊരട്ടി), ഫാ. പീറ്റർ കാഞ്ഞിരക്കാട്ടുകരി (മൂക്കന്നൂർ), ഫാ. മാർട്ടിൻ വെമ്പുള്ളിയാത്ത് (മൂഴിക്കുളം), ഫാ. പോൾ പടയാട്ടി (പറവൂർ) എന്നിവരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

## വിവാഹ ഒരുക്ക ധ്യാനം (MPR)

ഏപ്രിൽ 06-08 (കലൂർ)
ഏപ്രിൽ 14-16 (കാലടി)
ഏപ്രിൽ 20-22 (കലൂർ)
ഏപ്രിൽ 28-30 (കാലടി)

മെയ് 04-06 (കലൂർ)
മെയ് 12-14 (കാലടി)
മെയ് 18-20 (കലൂർ)
മെയ് 26-28 (കാലടി)

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

## സിംഗിൾ പേരൻറിംഗ് സംഗമം

ഏപ്രിൽ 10

## MCC Family Meet

ഏപ്രിൽ 11 - സെൻട്രൽ സോൺ
ഏപ്രിൽ 14 - നോർത്ത് സോൺ
ഏപ്രിൽ 25 - സൗത്ത് സോൺ

## Teens Fest (13 വയസ്സുമുതൽ 18 വരെ)

ഏപ്രിൽ 16-18 (50 പേർക്ക് മാത്രം)

## Teens Fest പാരന്റിംഗ് സെമിനാർ

ഏപ്രിൽ 18 - ജീവാലയ ഫാമിലി പാർക്ക്, കാലടി

## പേരന്റിംഗ് സെമിനാർ (ആദ്യകുർബ്ബാന സ്വീകരണം)

ഏപ്രിൽ 19 - വല്ലം ഫൊറോന
ഏപ്രിൽ 26 - ജീവാലയ ഫാമിലി പാർക്ക്, കാലടി

## Forane Animators Meet

ഏപ്രിൽ 19

## സ്നേഹജ്വാല (ദാമ്പത്യ പരിപോഷണ പരിശീലനം)

ഏപ്രിൽ 24-26

## വിധവാ ധ്യാനം (Contact Number 9400929111)

മാർച്ച് 24-26

## അറിയിപ്പ്

ഇടവകകളിൽ ആദ്യകുർബ്ബാന സ്വീകരണത്തോടനുബന്ധിച്ച് മാതാപിതാക്കൾക്ക് പാരന്റിംഗ് സെമിനാർ നൽകാൻ സമീപിക്കാവുന്നതാണ്.

**അതിരൂപത കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ഇടവകകൾക്കായി നൽകുന്ന പരിപാടികൾ :**

• ഹോം മിഷൻ • ദമ്പതി ധ്യാനം • വിവാഹ വർഷം അനുസരിച്ച് ഗ്രൂപ്പുകളാക്കി ദമ്പതികൾക്ക് ഏകദിന/അർദ്ധദിന സെമിനാർ • സ്നേഹജ്വാല മൂന്ന് സായാഹ്നങ്ങളിൽ (30-40 ദമ്പതികൾക്ക് മാത്രമുള്ള ദാമ്പത്യ പരിശീലനം) • വിധവാ സെമിനാർ ഏകദിന /അർദ്ധദിന സെമിനാർ • യുവജന, കൗമാരം വ്യക്തിത്വ വികസന സെമിനാർ • അമ്മമാർക്ക് സെമിനാർ • പിതാക്കന്മാർക്ക് സെമിനാർ • മുതിർന്ന പൗരൻമാർക്ക് സെമിനാർ • ഏകസ്ഥർക്കുള്ള പരിശീലന പരിപാടികൾ.

വിശദവിവരങ്ങൾ അറിയുവാൻ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക:

**ജീവാലയ ഫാമിലി പാർക്ക് (0484-2462607, 8281544111, 8078334522).**

**Web: www.jeevalaya.org, Email : jeevalayafamilypark@gmail.com**

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

SAHRUDAYA WELFARE SERVICES ERNAKULAM

## സഹൃദയ തൊഴിൽ പരിശീലനങ്ങൾ

സ്വകാര്യ പരിശീലന സ്ഥാപനങ്ങളിൽ ഫീസ് നൽകി പരിശീലനം നേടാൻ കഴിയാത്തവർക്കായി സഹൃദയ ഒരു ദിവസം മുതൽ മൂന്നര മാസം വരെയുള്ള സൗജന്യ തൊഴിലധിഷ്ഠിത പരിശീലനങ്ങൾ ഗവണ്മെന്റ് സർട്ടിഫിക്കറ്റോടുകൂടി പൊന്നുരുന്നി ഓഫീസിലും, മേഖല ഓഫീസുകളിലും, ഇടവകതലത്തിലുമായി നൽകിവരുന്നു. ഫാസ്റ്റ് ഫുഡ് (12 ദിവസങ്ങൾ), കൂൺകൃഷി (10), പേപ്പർ ക്യാരിബാഗ്, എൻവലപ് & ഫയൽ നിർമ്മാണം (12), കോസ്റ്റ്യൂം & ജ്വല്ലറി നിർമ്മാണം (14), തയ്യൽ (105), ബ്യൂട്ടീഷ്യൻ കോഴ്സ് (105), സേഫ്റ്റ് റ്റോയ്സ് & നെറ്റിപ്പട്ട നിർമ്മാണം (14), MSME ജ്വല്ലറി നിർമ്മാണം (5) എന്നിവയാണ് പ്രധാന പരിശീലനങ്ങൾ. ഇടവകകളിൽ പരിശീലനം സംഘടിപ്പിക്കുന്നതിന് ബന്ധപ്പെടുക 94962 11444

വനിതാ സംരംഭകർക്ക് പ്രത്യേക സബ്സിഡിയോടെ ബയോഗ്യാസ് പ്ലാന്റുകൾ ചെറുകിട റസ്റ്റോറന്റുകൾ, കോഴിവളർത്തൽ, പന്നി വളർത്തൽ, മത്സ്യ

വ്യാപാരം, ഇറച്ചി വ്യാപാരം തുടങ്ങിയ സംരംഭങ്ങൾ നടത്തിവരുന്ന വനിതാ സംരംഭകർക്ക് തങ്ങളുടെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പാചകവാതക ലഭ്യതയിലൂടെ വരുമാനം വർധിപ്പിക്കുന്നതിനുമായി പ്രത്യേക സബ്സിഡിയോടെ ബയോഗ്യാസ് പ്ലാന്റുകൾ ബയോടെക്കുമായി സഹകരിച്ച് സഹൃദയ നൽകുന്നു. വിശദവിവരങ്ങൾക്ക് ഫോൺ: 8943710720

## സ്വയം തൊഴിൽ വായ്പ

ഫെഡറൽ ബാങ്കുമായി സഹകരിച്ച് 27 സംഘങ്ങളിലെ 148 അംഗങ്ങൾക്കായി 1,21,57,000 രൂപ മാർച്ച് മാസത്തിൽ സ്വയം തൊഴിൽ വായ്പയായി നൽകി.

## സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി പ്ലാൻ കുടുംബ സ്ഥിരസഹായ പദ്ധതി വഴി സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 192 കുടുംബങ്ങൾക്ക് 30,77,000/- രൂപ തൊഴിൽ സഹായമായി വിതരണം ചെയ്തു.

## സ്നേഹ മാനസികാരോഗ്യ പദ്ധതി

സ്ഥിരമായി മരുന്നു കഴിച്ചുകൊണ്ടിരിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി സ്നേഹ മാനസികാരോഗ്യ പദ്ധതി വഴി മരുന്നു വിതരണം മേഖലാതലത്തിൽ നടത്തി.

## ഏർലി ഇന്റർവെൻഷൻ സെന്റർ

ആലുവ-പുറയാറിൽ സഹൃദയയുടെ നേതൃത്വത്തിൽ സ്ഥാപിതമായ ഏർലി ഇന്റർവെൻഷൻ സെന്ററിൽ കുട്ടികളിലെ ജനിതക വെല്ലുവിളികൾ കണ്ടെത്തുന്നതിനും തെറാപ്പികളിലൂടെ പരിഹരിക്കുന്നതിനും സൗകര്യം ലഭ്യ മാണ്. പ്രവർത്തനസംബന്ധമായ വിവരങ്ങൾക്ക് ഫോൺ: 0484 2622233, 9061912233.

## സർട്ടിഫിക്കറ്റ് വിതരണം

ഏപ്രിൽ 13 ഫാസ്റ്റ് ഫുഡ് പരിശീലനം ചെമ്മനത്തുകര, ഏപ്രിൽ 25 തയ്യൽ പരിശീലനം പറവൂർ, ഏപ്രിൽ രണ്ടാം വാരത്തിൽ നായരമ്പലം, പൊന്നുരുന്നി, പുത്തൻപള്ളി എന്നിവിടങ്ങളിൽ പരിശീലനങ്ങളിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം സംഘടിപ്പിക്കുന്നു.

## കൃതജ്ഞത

ആറുവർഷക്കാലം സഹൃദയയുടെ ഡയറക്ടറായും രണ്ടുവർഷത്തോളം അസി. ഡയറക്ടറായും സേവനം ചെയ്തശേഷം സ്ഥലം മാറിപ്പോയ ബ. ജോസ്

കൊളുത്തുവെള്ളിൽ അച്ചന് കൃതജ്ഞതയുടെ നറുമലരുകളും പുതിയ കർമ്മമേഖലയിൽ വിജയാശംസകളും നേരുന്നു.

**ഫാ. ആൻറണി പുതിയാപറമ്പിൽ**
**ഡയറക്ടർ**

---

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs**

- Study a Bachelor’s in Artificial Intelligence in **Japan.**
- Build your future in the **UAE** with Bachelor’s and Master’s programs.
- Study Master’s in Nursing in Australia and build a rewarding healthcare career.
- Shape your future in Canada with a world-class Master’s degree.
- New **IELTS** and **NICE (Naipunnya International Communicative English)** offline batches commence every Monday this April.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

- **Italian** (B1 B2) Offline batch starts April 6th.
- **German** (A1) Offline batch starts April 6th.
- **German** (A2) Offline batch starts April 13th.
- **German** (B2) Offline batch starts April 20th.
- **French** (A1) Online batch starts April 6th.
- **Spanish** (A1 A2) Online batch starts April 6th.
- Admissions are now open for Civil Service Regular, Sunday, Evening and Foundation batches.
- Admissions are now open for Civil Service Malayalam Optional Classes.
- For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **UGC NET/JRF** PAPER I & PAPER II – Offline & Online batch for 2026 JUNE exam. (Admissions now open for April batch).
- **BANK (IBPS, PO, CLERK, SO)** – Offline (New batch starts every Monday this April).
- **SSC (CGL, CHSL, MTS)** – Offline (New batch starts every Monday this April).
- **CUET (Common University Entrance Test)** – Online & Offline regular batches (Admissions are now open for April batch).
- **RAILWAY RECRUITMENT BOARD**
  Graduate level (New batch starts every Monday this April).
  Undergraduate level (New batch starts every Monday this April).
- **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches start every Monday this April.
- **LAW ENTRANCE (CLAT, KLEE, CUSAT CAT – LLB)** Online (admissions are now open for April batch).
- Fun – Filled **Summer Camp** for classes 5 to 8 starting this April.

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

- **IELTS, PTE & NICE (Naipunnya International Communicative English)** New Offline batches commence every Monday this March. Reserve your seat and get started.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 9947855132, 0482-2201546**

- Expert Guidance for Overseas Education and Counselling.

**Fr. Juby Joy Kalathiparambil**
**Director**

# എറണാകുളം ചിറ്റൂർ ധ്യാനകേന്ദ്രം
സ്നേഹശുശ്രൂഷാലയം

*'നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.' (യോഹ 15:4)*

## 2026 ഏപ്രിൽ മാസത്തെ ആത്മീയശുശ്രൂഷകൾ

### പീഡാനുഭവ ധ്യാനം
മാർച്ച് 31 ചൊവ്വ 5.00 pm – ഏപ്രിൽ 5 ഞായർ 6.00 am

### ആന്തരികസൗഖ്യധ്യാനം (Inner Healing Retreat)
ഏപ്രിൽ 10 വെള്ളി 5.00 pm – 15 ബുധൻ 8.00 am
ഏപ്രിൽ 17 വെള്ളി 5.00 pm – 22 ബുധൻ 8.00 am

### ആത്മാഭിഷേക ധ്യാനം (Holy Spirit Anointing Retreat)
ഏപ്രിൽ 24 വെള്ളി 5.00 pm – 27 തിങ്കൾ 8.00 am

### എബൈഡ് യുവജനധ്യാനം (Abide 99)
ഏപ്രിൽ 11 ശനി 9 am – 15 ബുധൻ 2 pm

### ഏകദിനധ്യാനം (One Day Retreat)
മാസാദ്യവെള്ളി ഒഴികെ മറ്റെല്ലാ വെള്ളിയാഴ്ചകളിലും 9.00 am - 3.00 pm

### ആദ്യകുർബാനസ്വീകരണ ഒരുക്ക ധ്യാനം (ഏകദിനം)
ഏപ്രിൽ 17 വെള്ളി 9.00 am – 3.00 pm

### അൾത്താരബാലന്മാർക്കുള്ള ധ്യാനം
ഏപ്രിൽ 20 തിങ്കൾ 9.00 am – 23 വ്യാഴം 9.00 am

### ക്രിസ്റ്റീൻ ധ്യാനം (6, 7, 8, 9 ക്ലാസ്സുകാർക്ക് മാത്രം)
ഏപ്രിൽ 24 വെള്ളി 5.00 pm – 27 തിങ്കൾ 8.00 am

### Abide Night Vigil (എബൈഡ് യുവജനങ്ങൾക്കായി)
എല്ലാ ശനിയാഴ്ചകളിലും 6.30 pm - 9.30 pm

### ജാഗരണപ്രാർത്ഥന (Night Vigil)
എല്ലാ വെള്ളിയാഴ്ചയും 9.30 pm - ശനി 1.00 am

☞ കുമ്പസാരം, കൗൺസിലിങ്ങ് – എല്ലാ ദിവസവും സൗകര്യമുണ്ടായിരിക്കും.
☞ മധ്യസ്ഥ പ്രാർത്ഥന 24 മണിക്കൂറും ഉണ്ടായിരിക്കും.

ധ്യാനം ബുക്ക് ചെയ്യാനായി: Phone: 9446040508, 8606740508, 0484 2432508
Website: www.chittoorretreatcentre.org

**ഫാ. ജോസ് പുതിയേടത്ത് (ഡയറക്ടർ)**

# സുബോധന, അങ്കമാലി

## ഏപ്രിൽ മാസത്തെ പരിപാടികൾ

### സഭാവിജ്ഞാനീയം ക്ലാസുകൾ

ഏപ്രിൽ 13 മുതൽ 17 വരെ

- സഭ ക്രിസ്തുവിൽ രൂപംകൊള്ളുന്ന ദൈവജനങ്ങളുടെ കൂട്ടായ്മ

  ക്ലാസുകൾ നയിക്കുന്നത്: ഫാ. രാജൻ പുന്നക്കൽ

  സമയം: വൈകിട്ട് 06.00 മുതൽ 07.00 വരെ

### വേനൽക്കാല ക്യാമ്പ് (റെസിഡൻഷ്യൽ)

ഏപ്രിൽ 13 മുതൽ 17 വരെ

സുബോധനയും പിൽഗ്രിംസ് കമ്മ്യൂണിക്കേഷൻസും സൗരഭ്യയും സംയുക്തമായി സംഘടിപ്പിക്കുന്ന, എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള വേനൽക്കാല ക്യാമ്പ്. വിദ്യാർത്ഥികളിലെ സൃഷ്ടിപരത, ആത്മവിശ്വാസം, നേതൃത്വപാടവം, വ്യക്തിത്വ വികസനം എന്നിവ വളർത്തുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ക്യാമ്പ്.

ക്യാമ്പിന്റെ പ്രധാന ആകർഷണങ്ങൾ:

- തിയേറ്റർ വർക്ക്ഷോപ്പ്
- ചിത്രരചനയും പെയിന്റിംഗും
- മാനസിക വളർച്ചയും വ്യക്തിത്വ രൂപീകരണവും
- മൊബൈൽ ഫോൺ, ഇന്റർനെറ്റ് അടിമത്തത്തെക്കുറിച്ചുള്ള ബോധവൽക്കരണം
- യോഗ പരിശീലനം
- സാഹിത്യം: വായനയും എഴുത്തും
- സിനിമയും സോഷ്യൽ മീഡിയയും
- വ്യക്തിത്വ വികസനം
- നേതൃപരിശീലനം
- പ്രസംഗ പരിശീലനം

ക്യാമ്പ് ഫീസ്: 3500/-, സ്ഥലം: സൗരഭ്യ, മുന്നൂർപ്പിള്ളി, സമയം: ഏപ്രിൽ 13 രാവിലെ 10.00 മുതൽ ഏപ്രിൽ 17 ഉച്ചയ്ക്ക് 02.00 വരെ. പ്രവേശനം: 50 പേർക്ക് മാത്രം. രജിസ്ട്രേഷൻ: +919497665335, +91 8848914608, +91 9847836200.

## Video Editing Course

April 20 to April 24

Resource Person: Fr. Sajo Padayatty

In collaboration with Ekam TV, Subodhana invites interested participants to join this intensive Video Editing Course.

Requirements: Basic computer knowledge is required

Laptop: i5 / Ryzen 5, 16GB RAM, 512GB SSD

GPU: NVIDIA RTX 3050 or 4050

Software: Adobe Premiere Pro (pre-installed)

Mouse, headphones, pen, and notebook

Course Fee: Rs. 3000/-, Time: 10:00 AM - 12:00 PM. For Registration: +91 94976 65335. Note: Don't have the software? If sufficient participants require assistance, a pre-course installation session will be arranged.

## സത്സംഘം - സായാഹ്ന ചർച്ച

ഏപ്രിൽ 30

Encountering the Legacy of the Major Archdiocese of Ernakulam-Angamaly

തിരനോട്ടം: എറണാകുളം-അങ്കമാലി അതിരൂപതയുടെ പൈതൃകം, തനിമ, ആരാധനാക്രമങ്ങളിലെ അനുരൂപണങ്ങൾ

- അതിരൂപതയുടെ പൈതൃകം: ഉത്ഭവം, ശിൽപികൾ, ചരിത്ര-ഭൗമശാസ്ത്ര സവിശേഷതകൾ
- അതിരൂപതയുടെ തനിമ: ഭാരതീയവൽക്കരണം, മതേതര ഭാവം, അജപാലന ശൈലികളിലെ മിഴിവ്, ആത്മീയ, ഭൗതിക, സാമൂഹിക രംഗങ്ങളിൽ വ്യതിരിക്തമായ ശൈലികൾക്കു തുടക്കം കുറിച്ച അതിരൂപത
- അതിരൂപതയിലെ ആരാധനാക്രമ അനുരൂപണങ്ങൾ: വർത്തമാനകാല സാഹചര്യങ്ങളിൽ.

സമയം: വൈകുന്നേരം 06:00 മുതൽ 08:00 വരെ

**ഫാ. ജോസഫ് പാത്താടൻ**
**ഡയറക്ടർ**

BMC
BHARATA MATA COLLEGE
AUTONOMOUS | THRIKKAKARA, KERALA-21
NAAC with A+ Grade, NIRF Ranked in the BAND 151-200, DBT Star College, ISO 9001-2015 Certified

**Admissions are now open for the following courses for the academic year 2026-27.**

**1) UG Hons. - Aided**

1. BA English (Cultural Studies & Literary Theory)
2. BA Malayalam (Media Studies & Visual Arts)
3. BA Economics (Mathematical Economics & Econometrics and Data Analysis)
4. BA Journalism & Mass Communication (Journalism & Mass Communication)
5. BSc Mathematics (Data science & Scientific Computing)
6. BSc Chemistry (Pharmaceutical Chemistry & Materials Chemistry)
7. BSc Physics (Space Physics, Materials Science, Medical Physics, Semiconductor Physics & Al and Quantum Computing)
8. BSc Physics with Computer Application (Al and Quantum Computing)
9. BSc Botany (Agrobiotechnology & Ethnoecology)
10. BSc Zoology (Ecology & Physiology)
11. BCom (Finance and Taxation & Business Statistics and Law)

**2) UG Hons. - Self Financing**

1. BSc Psychology (Clinical Psychology, Health Psychology, Forensic Psychology & Community Psychology)
2. BSc Data Science (Big Data Analytics & Cloud Computing)
3. BSc AI & Data Analytics (Business Intelligence & Cloud Management)
4. BSc Internet of Things (Networking & Communication Technology)
5. BSc Networking & Cybersecurity (Ethical Hacking & Network Defence)

6. BCom (Financial Market Professional Programme, ACCA/CA/CMA/CS, Enrolled Agent, Business Analytics & Investment Banking)
7. BSW
8. BBA (Business Analytics & Logistics)
9. BCA (AI and Robotics/Cyber Security & Internet of Things)

**3) PG - Aided**

1. MCom
2. MA English
3. MSc Chemistry
4. MSc Mathematics
5. MSc Space Science

**4) PG – Self Financing**

1. MSc Psychology
2. MSc Data Science & Analytics
3. MSc Actuarial Science
4. MCA (AICTE)

**5) Integrated PG**

1. MSc Computer Science (Artificial Intelligence & Machine Learning)

**6) Professional Courses**

1. MSW
2. MBA

**7) PhD**

1. English
2. Chemistry
3. Commerce
4. Mathematics
5. Physics

**For further details visit: https://www.bharatamatacollege.in/**
**Contact : +91 8281303721, +91 9447187501**

## 22nd Cardinal Joseph Parecattil Memorial Lecture – 2026

22nd Cardinal Joseph Parecattil Memorial Lecture was held on March 17th at Bharata Mata College (Autonomous), Thrikkakara, with Dr. V. Anantha Nageswaran, Chief Economic Advisor to the Government of India, delivering the keynote address. He described India's youth as the nation's most valuable investment and underscored the need to nurture a generation that is less dependent on social media, rooted in historical awareness, committed to reading, and attentive to both physical and mental well-being. Emphasizing the role of socially responsible and informed youth in ensuring sustainable national growth, he also highlighted the challenges faced by the Indian economy amid global uncertainties, particularly those arising from conflicts and war-related disruptions. The commemorative talk about Cardinal was given by Dr. Joyce Kaithakkottil. The occasion also featured the presentation of the Cardinal Parecattil Excellence Awards were also presented to faculty members and students who demonstrated excellence in various fields. The event concluded with enthusiastic participation from students, faculty, and invited guests, making it a meaningful and intellectually enriching experience.

## Partnership Agreement of BMC with Curtin University & Politeknik Sultan Azlan Shah, Malaysia

Signing of Memoranda of Understanding (MoUs) with Curtin University Malaysia and Politeknik Sultan Azlan Shah, Malaysia, marked a significant milestone in the internationalization efforts of Bharata Mata College (Autonomous), Thrikkakara. These collaborations strengthen global academic partnerships and create transformative opportunities for students and faculty through enhanced academic engagement, research collaboration, and international exposure. The agreements establish a comprehensive framework for fostering interdisciplinary learning and promoting academic excellence across borders. Key highlights include the introduction of a twinning programme with Curtin University Malaysia, enabling students to pursue part of their studies abroad, along with seamless credit transfer facilities that support academic mobility. The collaborations also provide for student and faculty exchange programmes, joint international conferences, workshops, and Faculty Development Programmes (FDPs). Additionally, the

establishment of a Curtin Research Centre extension at the college is expected to promote advanced research and innovation. Involving departments such as English, Commerce, Management Studies, MSW, Data Science, and Computer Applications, these partnerships open new avenues for global engagement, social sensitisation initiatives, and collaborative research, enriching the academic ecosystem of the institution.

**Fr. Abraham Oliapurath**
**Manager**

# അതിരൂപതാ ഡയറി

**മാർച്ച് 2026**

7 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, തൃക്കാക്കര ഗുരുകുലത്തിൽ ഡിഗ്രി മൂന്നാം വർഷ സെമിനാരിക്കാർക്കുവേണ്ടി വിശുദ്ധ കുർബാന യർപ്പിച്ചു.

15 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, കൊറ്റമം സെന്റ് ജോസഫ് പള്ളിയിൽ 40 മണി ആരാധനയുടെ സമാപന ദിവസം ദിവ്യകാരുണ്യ സന്ദേശം നൽകി.

17 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, AICO (Archdiocesan Institutions' Central Office)-യുടെ അരമനയിലെ പുതിയ ഓഫീസ് വെഞ്ചരിച്ചു. മാർ ജോസഫ് പാംപ്ലാനി, മാർ ആന്റണി കരിയിൽ, മാർ തോമസ് ചക്യത്ത് എന്നീ പിതാക്കന്മാരും സന്നിഹിതരായിരുന്നു.

19 അഗതികളുടെ സഹോദരിമാരുടെ (എസ്.ഡി.) സഭ സ്ഥാപിതമായ തിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ചുണങ്ങംവേലി മദർ ഹൗസിൽ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു

22 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ്, അങ്കമാലി സെന്റ് ജോർജ് ബസിലിക്ക പള്ളിയിൽ 40 മണി ആരാധനയുടെ സമാപനത്തിന് കാർമികത്വം വഹിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

24 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് മലയാറ്റൂർ കുടിശുമുടി തീർത്ഥാ ടനം നടത്തി.

* * * * *








അതിരൂപതയിലെ സ്ഥാപനങ്ങളുടെ കേന്ദ്രഓഫീസിന്റെ (AICO)
വെഞ്ചരിപ്പ് കർമ്മം 2026 മാർച്ച് 17–ാം തീയതി ചൊവ്വാഴ്ച
ആർച്ച് ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് നിർവ്വഹിച്ചു.



RNI No. 3421/57
Date of Publication: 01-04-2026
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.

www.ernakulamarchdiocese.org